**പതിനാലാം കേരള നിയമസഭ**
**പത്തൊമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *183** | **11-03-2020-ൽ മറുപടിക്ക്**

## ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ജോർജ് എം. തോമസ്**<br>**,, എം. സ്വരാജ്**<br>**,, വി. ജോയി**<br>**,, കെ.ഡി. പ്രസേനൻ** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>**(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** | |
| (എ) | പ്രതിവർഷം മുപ്പത്താറായിരം കോടിയിലധികം രൂപയുടെ വരുമാനവും ലക്ഷക്കണക്കിന് തൊഴിലവസരങ്ങളും ഉള്ള വിനോദസഞ്ചാര വ്യവസായത്തിന്റെ സദ്ഫലങ്ങൾ പ്രാദേശിക സമൂഹത്തിന് കൂടി ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചിട്ടുള്ള ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനം വഴി കൈവരിക്കാനായ നേട്ടം വിശകലനം ചെയ്തിരുന്നോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്തെ ഉത്തരവാദിത്ത ടൂറിസം മിഷന്റെ (ആർ.ടി.മിഷൻ) പ്രവർത്തനങ്ങളും അതുമൂലം തദ്ദേശീയ സമൂഹത്തിനുണ്ടാകുന്ന നേട്ടങ്ങളും കൃത്യമായ ഇടവേളകളിൽ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ അവലോകനം ചെയ്യപ്പെട്ടുന്നുണ്ട്.<br>തദ്ദേശീയരായ ജനങ്ങളെ ടൂറിസം മേഖലയുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധിപ്പിച്ച് അധിക തൊഴിലും വരുമാനവും ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, കേരളത്തിന്റെ സാംസ്കാരിക തനിമ, തനത് ജീവിത രീതി, ഗ്രാമീണാന്തരീക്ഷം, തൊഴിൽ, കലാരൂപങ്ങൾ, ആഘോഷങ്ങൾ, ഭക്ഷണവിഭവങ്ങൾ എന്നിങ്ങനെയുള്ളതെല്ലാം വിനോദസഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുകയും അതിലൂടെ അവ അന്യംനിന്ന് പോകാതെ സംരക്ഷിക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ, |

| | | | |
|---|---|---|---|
| | | | ടൂറിസം കേന്ദ്രങ്ങൾ മാലിന്യ വിമുക്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എന്നിവയാണ് ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രധാന പ്രവർത്തനങ്ങൾ.<br>ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ചതിനു ശേഷമുള്ള പ്രസ്തുത പ്രവർത്തനങ്ങളുടെ ഫലമായി നിലവിൽ 17008 യൂണിറ്റുകൾ ആർ.ടി. മിഷനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം ഫെബ്രുവരി 29 വരെ രജിസ്റ്റേഡ് യൂണിറ്റുകളിലൂടെ ലഭിച്ചിരിക്കുന്ന പ്രാദേശിക വരുമാനം 18.26 കോടി രൂപയാണ് എന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. |
| (ബി) | ഉത്തരവാദിത്ത ടൂറിസം മിഷനിൽ എത്ര യൂണിറ്റുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഇവയ്ക്ക് നൽകി വരുന്ന പൊതുസഹായങ്ങൾ എന്തെല്ലാമെന്നും അറിയിക്കാമോ; | (ബി) | കൾച്ചറൽ യൂണിറ്റുകൾ, കരകൗശല നിർമ്മാണ യൂണിറ്റുകൾ, പേപ്പർ ബാഗ് യൂണിറ്റുകൾ, തുണി സഞ്ചി നിർമ്മാണ യൂണിറ്റുകൾ, നെയ്ത്ത് യൂണിറ്റുകൾ, ജൈവ പച്ചക്കറി ഉൽപ്പാദന യൂണിറ്റുകൾ, മൂല്യ വർദ്ധിത ഭക്ഷ്യോൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ, ഇളനീർ യൂണിറ്റുകൾ, ആർ.ടി. ഷൊഫേർസ്, പ്രാദേശിക ടൂർ ലീഡേഴ്സ്, ഹോം സ്റ്റേകൾ, ടെന്റഡ് അക്കോമഡേഷൻ യൂണിറ്റുകൾ, ഫാം വിസിറ്റ് യൂണിറ്റുകൾ, ടൂറിസം അനുബന്ധ സർവീസ് യൂണിറ്റുകൾ എന്നിങ്ങനെ ടൂറിസം മേഖലയുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധപ്പെട്ടു കിടക്കുന്ന വ്യത്യസ്തങ്ങളായ 17008 യൂണിറ്റുകൾ ഇപ്പോൾ ഉത്തരവാദിത്ത ടൂറിസം മിഷന്റെ ഭാഗമായി രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നുണ്ട്.<br>യൂണിറ്റുകൾ ആരംഭിക്കുന്നതിനാവശ്യമായ പരിശീലനങ്ങൾ നൽകുക, രജിസ്റ്റർ ചെയ്ത യൂണിറ്റുകളെ ടൂറിസം മേഖലയുമായി ബന്ധപ്പെടുത്തുകയും അതു വഴി പ്രസ്തുത യൂണിറ്റുകൾക്ക് വരുമാനം ലഭ്യമാക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ നടത്തുക, യൂണിറ്റുകളെ മാർക്കറ്റിംഗ് ചെയ്യുന്നതിനുള്ള സഹായങ്ങൾ ചെയ്യുക, യൂണിറ്റുകൾക്ക് ഓൺലൈൻ സർവീസുകൾ ആർ.ടി. മിഷൻ പ്ലാറ്റ്ഫോമുകളിലൂടെ ലഭ്യമാക്കുക, അതിനാവശ്യമായ പരിശീലങ്ങൾ നൽകുക, രജിസ്റ്റർ ചെയ്ത യൂണിറ്റുകളെ ഓൺലൈൻ നെറ്റ് വർക്കുകൾ വഴി ടൂറിസം വ്യവസായവുമായി ബന്ധിപ്പിക്കുക എന്നിവ ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന ചെയ്ത് വരുന്നു.<br>ടൂറിസം വ്യവസായത്തിന് ആർ.ടി. മിഷൻ പ്രവർത്തനങ്ങൾ പരിചയപ്പെടുത്തുവാനും, യൂണിറ്റുകളുമായി നെറ്റ് വർക്ക് ചെയ്യുന്നതിനുമായി ടൂറിസം സംരഭകരുടെ ജില്ലാതല യോഗങ്ങൾ നടന്നു വരുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, കോട്ടയം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ യോഗങ്ങൾ പൂർത്തിയായി.<br>ആർ.ടി. മിഷൻ ടൂറിസം സംരഭകരുമായി നേരിട്ട് ചർച്ചകൾ നടത്തി, സംരഭകരും യൂണിറ്റുകളുമായി കരാറിൽ ഏർപ്പെട്ടുകൊണ്ട് യൂണിറ്റുകളുടെ ഉൽപ്പന്നങ്ങളും സേവനങ്ങളും സ്വീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങളും ചെയ്തു വരുന്നു.<br>ഇതിനു പുറമേ സാധ്യമായ പ്രദർശന വിപണന മേളകളിലും സ്റ്റാളുകൾ ഒരുക്കിക്കൊണ്ട് യൂണിറ്റുകളുടെ പ്രചാരണത്തിനും ഉൽപ്പന്ന വിപണനത്തിനും വഴിയൊരുക്കുകയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| (സി) | ഇത്തരം യൂണിറ്റുകളുടെ ടൂറിസം വിപണനത്തിന് ഉത്തരവാദിത്ത ടൂറിസം മിഷന് പദ്ധതിയുണ്ടോ; വിശദാംശം അറിയിക്കാമോ? | (സി) | രജിസ്റ്റർ ചെയ്തിരിക്കുന്ന എല്ലാ യൂണിറ്റുകളെയും ടൂറിസം മേഖലയുമായി ബന്ധിപ്പിക്കുന്നതിനും അവർക്ക് വരുമാന ലഭ്യത ഉറപ്പ് വരുത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾക്കാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രാമുഖ്യം നൽകുന്നത്. |

സെക്ഷൻ ഓഫീസർ